## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6 — 28 - 11 - 2018-ൽ മറുപടിക്ക്.

### വകുപ്പുകളുടെ ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട്

ചോദ്യം
ശ്രീ.കെ.എസ്. ശബരീനാഥൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി വെബ് സൈറ്റ് വഴി മാർക്കിടുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ ; | (എ) | സ്റ്റേറ്റ് പോർട്ടൽ (www.kerala.gov.in) മുഖാന്തിരം രജിസ്റ്റർ ചെയ്യുകയും സേവനങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും സർക്കാർ ഡിപ്പാർട്ടുമെന്റുകളിലെ Visibility, Accessibility, Responses, Fairness, Transparency തുടങ്ങിയ 5 ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി അവരുടെ പ്രതികരണം രേഖപ്പെടുത്താനുള്ള സംവിധാനമുണ്ട്. |
| (ബി) | ഇപ്രകാരമുള്ള ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ മാർക്കിന് അർഹരായതും ഏറ്റവും കുറഞ്ഞ മാർക്കിന് അർഹരായതും ഏതൊക്കെ വകുപ്പുകളാണ് ; അറിയിക്കാമോ; | (ബി) | നിലവിലെ സ്ഥിതി അനുസരിച്ച് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിരിക്കുന്നത് ഫിഷറീസ് & പോർട്ട് വകുപ്പിനും കുറഞ്ഞ മാർക്ക് ലഭിച്ചിരിക്കുന്നത് ഗതാഗതം പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വ്യവസായം , ആഭ്യന്തരം, തൊഴിലും നൈപുണ്യവും , ആസൂത്രണ സാമ്പത്തിക കാര്യം, ജലവിഭവം, പരിസ്ഥിതി, തദ്ദേശ സ്വയംഭരണം മുതലായ വകുപ്പുകൾക്കുമാണ്. |
| (സി) | വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ തന്നെ വെബ് സൈറ്റുകളിൽ പ്രവേശിച്ച് അവരുടെ വകുപ്പുകൾക്ക് മാർക്കിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ